Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ : കൈറ്റ്/2022/1562 (12) തീയതി : 10.03.2022

# സർക്കുലർ

**വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് 2021-2024 ബാച്ചിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിരുചി പരീക്ഷ സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു**

സൂചന:- 1. സ. ഉ(സാധാ) നം. 361/2018/പൊ.വി.വ തീയതി 20.01.2018.

2. ഈ ഓഫീസിലെ 22.02.2022 ലെ KITE / 2022/ 1562 (9) നമ്പർ സർക്കുലർ

സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് ഹൈസ്കൂളുകളിൽ 2021-2022 അദ്ധ്യയന വർഷത്തെ എട്ടാം ക്ലാസ് വിദ്യാർത്ഥികളിൽ നിന്ന് ലിറ്റിൽ കൈറ്റ്സിന്റെ 2021-24 ബാച്ചിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിരുചി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിന് സൂചന 2 പ്രകാരം നിർദേശിച്ചിരുന്നു. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് 2022 മാർച്ച് 19-ാം തീയതി രാവിലെ 10.00 മണി മുതൽ അഭിരുചി പരീക്ഷ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. പരീക്ഷ നടത്തിപ്പ് സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം അഭിരുചി പരീക്ഷ നടത്തേണ്ടത്.
2. കൈറ്റ് ലഭ്യമാക്കുന്ന പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് അഭിരുചി പരീക്ഷ നടത്തേണ്ടത്. ഈ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യബാങ്കിൽ നിന്നും ഓരോ കുട്ടിക്കും ലഭിക്കുന്ന 20 ചോദ്യങ്ങൾക്ക് കുട്ടി ഉത്തരം നൽകണം.
3. പരീക്ഷ പൂർത്തീകരിക്കുന്നതിന് സോഫ്റ്റ്‌വെയറിൽ അനുവദിച്ചിരിക്കുന്ന പരമാവധി സമയം 30 മിനിട്ടാണ്. ഈ സമയപരിധിക്കുള്ളിൽ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ വിദ്യാർത്ഥികൾക്ക് നിർദേശം നൽകേണ്ടതാണ്.
4. കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാരുടെ നേതൃത്വത്തിലാണ് പരീക്ഷ നടത്തേണ്ടത്. ഇതിനാവശ്യമായ യൂസർഗൈഡ് ലഭ്യമാക്കുന്നതാണ്.
5. പരീക്ഷാ സോഫ്റ്റ്‌വെയറും, യൂസർഗൈഡും, രജിസ്റ്റർ ചെയ്ത കുട്ടികളുടെ വിശദാംശങ്ങളടങ്ങിയ csv ഫയലും, അഡ്മിറ്റ് റിപ്പോർട്ടും 17/03/2022-ന് ലിറ്റിൽ കൈറ്റ്സ് ലോഗിനിൽ (https://kite.kerala.gov.in/littlekites/lkms/) നിന്ന് ഡൗൺലോഡ് ചെയ്ത് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആവശ്യമായ കമ്പ്യൂട്ടറുകളിൽ ഇൻസ്റ്റാൾ ചെയ്യേണ്ടതുമാണ്.
6. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കമ്പ്യൂട്ടറുകൾ സജ്ജീകരിച്ച് വിദ്യാർഥികളെ പ്രത്യേക ബാച്ചുകളായി തിരിച്ച് പരീക്ഷ നടത്തേണ്ടതാണ്. 19.03.2022 ന് വൈകിട്ട് 5 മണിയ്ക്ക് മുമ്പ് എല്ലാ സ്കൂളുകളും പരീക്ഷ പൂർത്തിയാക്കേണ്ടതാണ്.
7. ഒരു ബാച്ചിന് പരീക്ഷ നടത്തുന്ന സമയത്ത്, പരീക്ഷയിൽ പങ്കെടുക്കേണ്ട മറ്റ് വിദ്യാർഥികളെ പ്രത്യേക മുറിയിൽ ഇരുത്തേണ്ടതാണ്.

8. ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്നും ഡൗൺലോഡ് ചെയ്ത CSV ഫയൽ പരീക്ഷയ്ക്കായി സജ്ജീകരിച്ച ഒരു കമ്പ്യൂട്ടറിൽ ഇംപോർട്ട് ചെയ്തതിനു ശേഷം ഇൻവിജിലേറ്റർമാരെ ചേർത്ത് സ്കൂൾ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതും തുടർന്ന്, പ്രസ്തുത സിസ്റ്റത്തിൽ നിന്ന് സ്കൂൾ രജിസ്ട്രേഷൻ വിവരങ്ങൾ എക്സ്പോർട്ട് ചെയ്തെടുത്ത്, പരീക്ഷയ്ക്കായി സജ്ജീകരിച്ച മറ്റു കമ്പ്യൂട്ടറുകളിൽ ഇംപോർട്ട് ചെയ്യേണ്ടതുമാണ്.

9. ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്ന് ലഭിക്കുന്ന അഡ്മിറ്റ് റിപ്പോർട്ട് പ്രിന്റ് എടുത്ത് അതിൽ വിദ്യാർത്ഥികളുടെ ഒപ്പ് വാങ്ങി സൂക്ഷിക്കേണ്ടതും, ആവശ്യമെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

10. വിദ്യാർത്ഥികൾ പരീക്ഷയിലേക്ക് പ്രവേശിക്കുന്നതിനുള്ള പാസ്‌വേഡ് പരീക്ഷാ ദിവസം രാവിലെ 9 മണിക്ക് സ്കൂൾ ഇ-മെയിൽ മുഖാന്തിരം ലഭ്യമാക്കുന്നതാണ്. ഇതിനുള്ള ക്രമീകരണം ജില്ലാ കോ-ഓർഡിനേറ്റർമാർ ഒരുക്കേണ്ടതാണ്. ഓരേ വിദ്യാർത്ഥിക്കും പരീക്ഷ എഴുതുന്നതിന് മുമ്പ് പാസ് വേഡ് ഇൻവിജിലേറ്റർ നൽകേണ്ടതാണ്.

11. ഒരു സ്കൂളിലെ എല്ലാ കുട്ടികളുടേയും പരീക്ഷ പൂർത്തിയായതിനുശേഷം പരീക്ഷ നടത്തിയ എല്ലാ കമ്പ്യൂട്ടറിൽ നിന്നും എക്സ്പോർട്ട് ചെയ്തെടുത്ത tar ഫയലുകൾ സ്കൂളിന്റെ ലിറ്റിൽ കൈറ്റ്സ് ലോഗിനിൽ ലഭ്യമാകുന്ന ലിങ്കിൽ പരീക്ഷാദിവസം രാവിലെ 11.30 നും വൈകിട്ട് 05.30 ഇടയിൽ തന്നെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതിനുള്ള കീ വേഡ് യഥാസമയം കൈറ്റ് ജില്ലാ ഓഫീസിൽ നിന്ന് ലഭ്യമാക്കുന്നതാണ്.

12. അഭിരുചി പരീക്ഷയിൽ 25 ശതമാനമോ അതിലധികമോ സ്കോർ നേടുന്ന വിദ്യാർത്ഥി കളിൽ നിന്ന് ഓരോ യൂണിറ്റിനും അനുവദിച്ചിരിക്കുന്ന ആകെ എണ്ണത്തിൽ കൂടാത്ത വിധത്തിൽ മികച്ച സ്കോർ കരസ്ഥമാക്കുന്ന കുട്ടികളെയാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായി തെരഞ്ഞെടുക്കേണ്ടത്. (ഓരോ യൂണിറ്റിലും അനുവദിച്ച സീറ്റുകളുടെ എണ്ണം കൈറ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

13. അഭിരുചി പരീക്ഷയിൽ ലോജിക്കൽ, പ്രോഗ്രാമിംഗ്, 5, 6, 7, 8 ക്ലാസുകളിലെ ഐടി പാഠപുസ്തകം, ഐടി മേഖലയിലെ പൊതുവിജ്ഞാനം എന്നീ നാല് വിഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു വിദ്യാർത്ഥിക്ക് ലോജിക്കൽ വിഭാഗത്തിൽ നിന്ന് ആറും പ്രോഗ്രാമിംഗ് വിഭാഗത്തിൽ നിന്ന് നാലും ഐ.ടി പാഠപുസ്തകം, ഐ.ടി മേഖലയിലെ പൊതുവിജ്ഞാനം എന്നിവയിൽ നിന്ന് അഞ്ച് വീതവും ചോദ്യങ്ങളാണ് ലഭിക്കുക.

14. അഭിരുചി പരീക്ഷയിൽ നേടിയ സ്കോറിന്റെ അടിസ്ഥാനത്തിൽ ഒരേ സ്കോർ നേടിയ ഒന്നിലധികം കുട്ടികൾ (ടൈ) വന്നാൽ, അവർക്ക് Logical വിഭാഗത്തിൽ ലഭിച്ച സ്കോറുകളുടെ വെയിറ്റേജ് സ്കോറിനോടൊപ്പം കൂട്ടിചേർത്ത് ടൈ ബ്രേക്ക് ചെയ്യുന്നതാണ്. തുടർന്നും ടൈ വരുകയാണെങ്കിൽ അവർക്ക്, യഥാക്രമം പ്രോഗ്രാമിംഗ്, ജനറൽ, ഐടി പുസ്തകം എന്നിവയുടെ സ്കോറുകളുടെ വെയിറ്റേജ് കൂട്ടിചേർത്ത് ടൈ ബ്രേക്ക് ചെയ്യുന്നതാണ്. നാല് ഘട്ടങ്ങൾക്ക് ശേഷവും ടൈ നിലനിൽക്കുകയാണെങ്കിൽ ആ വിദ്യാർത്ഥികളെ യെല്ലാം അംഗത്വത്തിലേക്ക് പരിഗണിക്കുന്നതാണ്.

15. കുറഞ്ഞത് 20 കുട്ടികളെങ്കിലും തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലായിരിക്കും ലിറ്റിൽ കൈറ്റ്സ് ബാച്ച് അനുവദിക്കുന്നത്.

16. പരീക്ഷ നടത്തിപ്പിൽ ക്രമക്കേടുകൾ ബോധ്യപ്പെട്ടാൽ യൂണിറ്റിന്റെ അംഗീകാരം നഷ്ടപ്പെടുന്നതാണ്.

17. പരീക്ഷാ സോഫ്റ്റ്‌വെയറിന്റെയും ചോദ്യങ്ങളുടെയും സുരക്ഷ കർശനമായി അതത് സ്കൂൾ പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്. യാതൊരു കാരണവശാലും പരീക്ഷാ സോഫ്റ്റ്‌വെയർ പരീക്ഷാ ഹാളിന് പുറത്ത് കൊണ്ട് പോകാനോ പ്രവർത്തിപ്പിക്കാനോ പാടില്ല.

18. ജില്ലയിലെ മാസ്റ്റർ ട്രെയിനർമാർ പരീക്ഷാദിവസം വിദ്യാലയങ്ങൾ സന്ദർശിച്ച് പരീക്ഷാ നടത്തിപ്പ് വിലയിരുത്തേണ്ടതാണ്.

19. ജില്ലയിലെ എല്ലാ യൂണിറ്റുകളിലും കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിരുചി പരീക്ഷ നടത്തുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ജില്ലാ കോ-ഓർഡിനേറ്റർമാർ ഉറപ്പുവരുത്തേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ